# പൂതപ്പാട്ട്

## ഇടശ്ശേരി

### വര: ആർട്ടിസ്റ്റ് നമ്പൂതിരി






*വിളക്കുവെച്ചു. സന്ധ്യാനാമവും കഴിഞ്ഞു. ഉറക്കം തൂങ്ങിക്കൊണ്ട് ഗുണകോഷ്ഠവും ഉരുവിട്ടു. ഇനിയും ഉണ്ണാറായിട്ടില്ലല്ലോ. ഉറങ്ങണ്ട; പൂതത്തെപ്പറ്റി ഒരുപാട്ടു കേട്ടോളു:*

കേട്ടിട്ടില്ലേ തുടികൊട്ടും കലർ-
ന്നോട്ടുചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ, വരവമ്പിളിപ്പൂങ്കല
മെയ്യിലണിഞ്ഞകരിമ്പൂതം,
കാതിൽപ്പിച്ചളത്തോട, കഴുത്തിൽ-
'ക്കലപലെ' പാടും പണ്ടങ്ങൾ
അരുകിനലുക്കണിച്ചായക്കിരീടം
തലയിലണിഞ്ഞ കരിമ്പൂതം
ചെപ്പിണച്ചെമ്മണിക്കുത്തുമുലകളിൽ-
ച്ചേലിലിഴയും പൂമാല്യം
പുറവടിവപ്പടി മൂടിക്കിടക്കും
ചെമ്പൻ വാർകുഴൽ മുട്ടോളം
ചോപ്പുകൾ മീതെ ചാർത്തിയരമണി
കെട്ടിയ വെള്ളപ്പാവാട
അയ്യയ്യാ, വരവഞ്ചിതനൃത്തം
ചെയ്യും നല്ല മണിപ്പൂതം

*എവിടെ നിന്നാണിപ്പൂതം വരുന്നത്, നിങ്ങൾക്കറിയാമോ?*

പറയന്റെകുന്നിന്റെയങ്ങേച്ചെരുവിലെ-
പ്പാറക്കെട്ടിന്നടിയിൽ
കിളിവാതിലിൽക്കൂടിത്തുറുകണ്ണും പായിച്ചു
പകലൊക്കെപ്പാർക്കുന്നു പൂതം
പൈക്കളെ മേയ്ക്കുന്ന ചെക്കൻമാരുച്ചയ്ക്കു
പച്ചിലപ്പൂന്തണൽ പൂകും
ഒറ്റയ്ക്കു മേയുന്ന പയ്യിൻ മുലകളെ-
ത്തെറ്റെന്നിപ്പൂതം കുടിയ്ക്കും
മണമേറുമന്തിയിൽബ്ബന്ധുഗൃഹം പൂകാ-
നുഴറിക്കുതിയ്ക്കുമാൾക്കാരെ
അകലേയ്ക്കകലേയ്ക്കു വഴിതെറ്റിച്ചിപ്പൂതം
അവരോടും താംബൂലം വാങ്ങും.

*പൊട്ടിതിരിച്ചാലില്ലേ, പിന്നെ നടത്തം തന്നെ, നടത്തം. ഒടുക്കം മനസ്സിലാവും. അപ്പോൾ ഒന്നു മുറുക്കാനെടുത്ത് ആ വഴിവക്കത്ത് വെച്ചു കൊടുത്താൽ മതി. വഴിയൊക്കെ തെളിഞ്ഞു കാണും. അവർ പോയാൽ പൂതം വന്നിട്ട് ആ മുറുക്കാൻ എടുത്തു മുറുക്കി തെച്ചിപ്പൊന്തയിലേയ്ക്ക് പാറ്റി ഒരു തുപ്പും തുപ്പും. അതാണല്ലോ ഈ തെച്ചിപ്പൂവൊക്കെ ഇങ്ങനെ ചോക്കണത്.*



നിശ്ശൂന്യത നടമാടും പാതിരതൻ മച്ചുകളിൽ
നിരനിരയായ്ക്കത്തിക്കും മായാദീപം
തലമുടിയും വേറിടുത്തലസമിവൾ പൂപ്പുഞ്ചിരി
വിലസിടവേ വഴിവക്കിൽ ച്ചെന്നു നില്ക്കും.
നേരവും നിലയും വിട്ടാവഴിപോം ചെറുവാല്യ-
ക്കാരെയിവളാകർഷിച്ചതിചതുരം
ഏഴുനില മാളികയായ്ത്തോന്നും കരിമ്പന-
മേലവരെക്കേറ്റിക്കുരലിൽ വെയ്ക്കും.
തഴുകിയുറങ്ങീടുമത്തരുണരുടെയുപ്പേറും
കുരുതിയിവൾ നൊട്ടിനുണച്ചിറക്കും
പറയന്റെ കുന്നിന്റെ മറ്റേച്ചെരിവിലെ
പ്പാറകളിൽച്ചിന്നും മുടിയുമെല്ലും.



***ഈ അസത്ത് പൂതത്തിന്ന് എന്തിനാ നമ്മള് നെല്ലും മുണ്ടും ഒക്കെ കൊടുക്കുന്നത്  എന്നല്ലേ? ആവൂ, കൊടുക്കാഞ്ഞാൽ പാപമാണ്. ഇതെല്ലാം പൂതം പണ്ട് ചെയ്തതാണ്. ഇപ്പോൾ അത് ആരേയും കൊല്ലില്ല. പൂതത്തിന് എപ്പോഴും വ്യസനമാണ്. എന്താ പൂതത്തിനു വ്യസനമെന്നോ? കേട്ടോളു:***

ആറ്റിൻ വക്കത്തെ മാളിക വീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.
ഉണ്ണിയ്ക്കരയിലെക്കിങ്ങിണി പൊന്നു കൊ-
ണ്ടുണ്ണിയ്ക്കു കാതിൽ ക്കുടക്കടുക്കൻ
പാപ്പ കൊടുക്കുന്നു പാലു കൊടുക്കുന്നു
പാവ കൊടുക്കുന്നു  നങ്ങേലി
കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ട്
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ട്
മാനത്തമ്പിളിമാമനെക്കാട്ടീട്ട്
മാമു കൊടുക്കുന്നു നങ്ങേലി
താഴെ വെച്ചാലുറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണു തണെപ്പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.

ഉണ്ണിയ്ക്കേഴു വയസ്സു കഴിഞ്ഞു
കണ്ണും കാതുമുറച്ചു കഴിഞ്ഞു
പള്ളിക്കൂടത്തിൽ പോയിപ്പഠിക്കാ-
നുള്ളിൽക്കൗതുകമേറിക്കഴിഞ്ഞു
വെള്ളപ്പൊൽത്തിരയിത്തിരിക്കുമ്പമേൽ
പുള്ളീലക്കര മുണ്ടുമുടുപ്പിച്ചു
വള്ളികൾ കൂട്ടിക്കുടുമയും കെട്ടിച്ചു
വെള്ളിപ്പൂങ്കവിൾ മെല്ലെത്തുടച്ചിട്ടു
കൈയിൽപ്പൊൻപിടികൊച്ചെഴുത്താണിയും
മയ്യിട്ടേറെ മിനുക്കിയോരോലയു-
മങ്ങിനെയങ്ങിനെ നീങ്ങിപ്പോമൊരു-
തങ്കക്കുടത്തിനെ വയലിന്റെ മൂലയി-
ലെടവഴി കേറുമ്പോൾ പടർപന്തൽ പോലുള്ളൊ-
രരയാലിൻ ചോടെത്തി മറയുംവരെപ്പടി-
പ്പുരയീന്നു നോക്കുന്നു നങ്ങേലി.





കുന്നിൻ മോളിലേയ്ക്കുണ്ണി കയറി
കന്നും പൈക്കളും മേയുന്ന കണ്ടു
ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽ നി-
ന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു
മൊട്ടപ്പാറയിൽക്കേറിയൊരാട്ടിൻ
പറ്റം തുള്ളിക്കളിക്കുന്ന കണ്ടു
ഉങ്ങും പുന്നയും പൂത്തതിൽ വണ്ടുക-
ളെങ്ങും പാറിക്കളിക്കുന്ന കണ്ടു.
അവിടന്നും മെല്ലെ നടന്നാനുണ്ണി
പറയന്റെ മണ്ടകം കണ്ടാനുണ്ണി.
പറയന്റെ കുന്നിന്റെ മറ്റേച്ചെരിവിലേ-
ക്കുരസിയിരങ്ങി നടന്നാനുണ്ണി.
പാറക്കെട്ടിന്റെ കൊച്ചു പിളർപ്പിലെ-
ക്കിളിവാതിലപ്പോൾത്തുറന്നു പൂതം
ആറ്റിലൊലിച്ചെത്തുമാമ്പലപ്പൂപോലെ-
യാടിക്കുഴഞ്ഞെത്തുമമ്പിളിക്കലപോലെ
പൊന്നുങ്കുടം പോലെ പൂവമ്പഴം പോലെ
പോന്നുവരുന്നോനെക്കണ്ടൂ പൂതം.
പൂതത്തിന്നുള്ളിലൊരിക്കിളി തോന്നീ
പൂതത്തിൻമാറത്തു കോരിത്തരിച്ചൂ
പൂതമൊരോമനപ്പെൺകിടാവായി
പൂത്ത മരത്തിന്റെ ചോട്ടിലും നിന്നു.

*എന്നിട്ട് പൂതം ഉണ്ണിയോട് കൊഞ്ചിക്കൊഞ്ചിക്കൊണ്ട് പറകയാണ്:*

"പൊന്നുണ്ണി, പൂങ്കരളേ,
പോന്നണയും പൊൻകതിരേ,
ഓലയെഴുത്താണികളെ-
ക്കാട്ടിലെറിഞ്ഞിങ്ങണയൂ"
"കാട്ടിലെറിഞ്ഞണയുകിലോ
കലഹിക്കും ഗുരുനാഥൻ
പൂത്ത മരച്ചോട്ടിലിരു-
ന്നൊളിനെയ്യും പെൺകൊടിയേ!"
"പൊന്നുണ്ണീ പൂങ്കരളേ,
പോന്നണയും പൊൻകതിരേ,
വണ്ടോടിൻ വടിവിലെഴും
നീലക്കല്ലോലകളിൽ
മാന്തളിരിൽത്തൂവെള്ളി-
ച്ചെറുമുല്ലപ്പൂമുനയാൽ
പൂന്തണലിൽ ച്ചെറുകാറ്റ-
ത്തിവിടെയിരുന്നെഴുതാലോ
ഓലയെഴുത്താണികളെ-
ക്കാട്ടിലെറിഞ്ഞിങ്ങണയൂ."
"പൂത്തമരച്ചോട്ടിലിരു-
ന്നൊളി നെയ്യും പെൺകൊടിയേ,
ഓലയെഴുത്താണികളെ-
ക്കാട്ടിലിതാ ഞാൻ കളവൂ!"



*പിന്നെ പള്ളിക്കൂടത്തിൽ പോയില്യ. സുഖായി എന്നല്ലേ വിചാരം? കേട്ടോളൂ: എഴുത്താണി ഇരുമ്പല്ലേ? അതങ്ങട് പിടിവിട്ടപ്പോൾ പൂതം വന്നു പിടിച്ച് മെല്ലെ കൂട്ടിക്കൊണ്ടങ്ങട് പോയി!*



വെയിൽ മങ്ങി മഞ്ഞക്കതിരു പൊങ്ങി
വിയദങ്കണത്തിലെക്കാർകൾ ചെങ്ങി
എഴുതുവാൻ പോയ കിടാവു വന്നീ-
ലെവിടെപ്പോയ് നങ്ങേലി നിന്നു തേങ്ങീ
ആറ്റിൻ കരകളിലങ്ങിങ്ങോളം
അവനെ വിളിച്ചു നടന്നാളമ്മ
നീറ്റിൽക്കളിയ്ക്കും പരൽമീനെല്ലാം
നീളവേ നിശ്ചലം നിന്നു പോയി
ആളില്ലാപ്പാടത്തിലങ്ങുമിങ്ങും
അവനെ വിളിച്ചു നടന്നാളമ്മ
പൂട്ടിമറിച്ചിട്ട മണ്ണടരിൽ
പുതിയ നെടുവീർപ്പുയർന്നു പോയീ
കുന്നിൻ ചെരിവിലെക്കൂർത്ത കല്ലിൽ-
ക്കുഞ്ഞിനെത്തേടി വലഞ്ഞാളമ്മ
പൊത്തിൽ നിന്നപ്പോൾ പുറത്തു നൂഴും
നത്തുകളെന്തെന്തെന്നന്വേഷിച്ചൂ
കാട്ടിലും മേട്ടിലും പുക്കാളമ്മ
കാണാഞ്ഞു കേണു നടന്നാളമ്മ
പൂമരച്ചോട്ടിലിരുന്നു പൂതം
പൂവൻപഴം പോലുള്ളുണ്ണിയുമായ്
പൂമാല കോർത്തു രസിയ്ക്കെക്കേട്ടു
പൂരിത ദുഃഖമിത്തേങ്ങലുകൾ.

*എന്നിട്ടോ, അതിനുണ്ടോ വല്ല കൂട്ടവും! പക്ഷേ സ്വൈരക്കേടു തീരണ്ടേ?*

പേടിപ്പിച്ചോടിയ്ക്കാൻ നോക്കീ പൂതം
പേടിയ്ക്കാതങ്ങിനെ നിന്നാളമ്മ
കാറ്റിൻ ചുഴലിയായ്ച്ചെന്നൂ പൂതം
കുറ്റികണക്കങ്ങു നിന്നാളമ്മ
കാട്ടുതീയായിട്ടും ചെന്നൂ പൂതം
കണ്ണീരാലൊക്കെക്കെടുത്താളമ്മ
നരിയായും പുലിയായും ചെന്നൂ പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ.
പറ്റിയില്ലല്ലോ. പൂതം മറ്റൊരടവെടുത്തു:
പൂതമക്കുന്നിന്റെ മേൽമൂടിപ്പാറയെ-
ക്കൈതപ്പൂ പോലെ പറിച്ചു നീക്കീ
കൺചിന്നുമ്മാറതിൽപ്പൊന്നും മണികളും
കുന്നു കുന്നായിക്കിടന്നിരുന്നു.
"പൊന്നും മണികളും കിഴികെട്ടിത്തന്നിടാം
പൊന്നാരക്കുട്ടനെ ഞാനെടുക്കും"
അപ്പൊന്നും നോക്കാതെ,യമ്മണി നോക്കാതെ-
യമ്മ,തൻ കണ്ണുകൾ ചൂന്നെടുത്തു
പുലരിച്ചെന്താമര പോലവ പൂതത്തിൻ
തിരുമുമ്പിലർപ്പിച്ചു തൊഴുതുരച്ചു,
"ഇതിലും വലിയതാണെന്റെ പൊന്നോമന
അതിനെത്തരികെന്റെ പൂതമേ, നീ"






*അങ്ങിനെ അമ്മയ്ക്ക് ഉണ്ണിയെക്കിട്ടി. പൂതമോ, പാവം!*

യാത്ര  തിരിച്ചിടുമുണ്ണിയെ വാരിയെ-
ടുത്തു പുണർന്നാ മൂർദ്ധാവിങ്കൽ
പലവുരു ചുംബിച്ചത്തുറുകണ്ണാൽ
പ്പാവം കണ്ണീർച്ചോല ചൊരിഞ്ഞും
വീർപ്പാൽ വായടയാതെ കണ്ടും
നില്പൊരു പൂതത്തോടു പറഞ്ഞാ-
ളപ്പോളാർദ്രഹൃദന്തരയായി-
ട്ടഞ്ചിതഹസിതം പെറ്റോരമ്മ:
"മകരക്കൊയ്ത്തു കഴിഞ്ഞിട്ടെങ്ങടെ
കണ്ടമുണങ്ങിപ്പൂട്ടുംകാലം
കളമക്കതിർമണികളമതിലൂക്കൻ
പൊന്നിൻ കുന്നുകൾ തീർക്കും കാലം
വന്നു മടങ്ങണമാണ്ടുകൾ തോറും
പൊന്നുണ്ണിയ്ക്കൊരു കുതുകം ചേർക്കാൻ
ഞങ്ങടെ വീട്ടിനു മംഗളമേകാൻ
ഞങ്ങൾക്കഞ്ചിത സൗഖ്യമുദിക്കാൻ."
പൂത'മതങ്ങിനെ തന്നേ'യെന്നു പ-
റഞ്ഞുമറഞ്ഞിട്ടാണ്ടോടാണ്ടുകൾ
മകരക്കൊയ്ത്തു കഴിഞ്ഞാലിപ്പോൾ
പോന്നുവരുന്നൂ വീടുകൾ തോറും
ഉണ്ണി പിറന്നൊരു വീടേതെന്നു തി-
രഞ്ഞുപിടിക്കണമതു ചോദിക്കാൻ
വിട്ടും പോയി, പറഞ്ഞതുമില്ലതു,
നങ്ങേലിയ്ക്കു മറന്നതു കൊണ്ടോ,
കണ്ടാൽത്തന്റെ കിടാവിനെ വീണ്ടും
കൊണ്ടോടിപ്പോമെന്നു ഭയന്നോ
തിട്ടമതാർക്കറിയാ; മതുമൂലം
തിങ്ങിത്തിങ്ങി വരുന്നൊരു കൗതുക-
മങ്ങിനെ കൂടീട്ടിവിടിവിടെത്തന-
തുണ്ണിയിരിപ്പെന്നോരോ വീട്ടിലു-
മങ്ങുകളിച്ചു കരേറിത്തുള്ളി-
ത്തുള്ളിമറിഞ്ഞോടുവങ്ങേലെന്നുട-
നവിടേയ്ക്കോടിപ്പോണൂ പൂതം.

*പൂതത്തിന്റെ തഞ്ചം കേൾക്കണോ? അമ്മയ്ക്ക് കണ്ണില്ലാതായില്ലേ?*

തെച്ചിക്കോലു പറിച്ചൂ പൂതം
ചേലൊടു മന്ത്രം ജപിച്ചൂ പൂതം
മറ്റോരുണ്ണിയെ നിർമ്മിച്ചു പൂതം
മാൺപൊടെടുക്കെന്നോതീ പൂതം.
അമ്മയെടുത്തിട്ടുമ്മ കൊടുത്തി-
ട്ടഞ്ചിതമോദം മൂർദ്ധാവിങ്കൽ
തടകിത്തടകിപ്പുൽകിയവാറേ
വേറിട്ടൊന്നെന്നോതിയെണീറ്റാൾ
പെറ്റ വയറ്റിനെ വഞ്ചിക്കുന്നൊരു
പൊട്ടപ്പൂതമിതെന്നു  കയർത്താൾ
താപം കൊണ്ടു വിറയ്ക്കേക്കൊടിയൊരു
ശാപത്തിന്നവൾ കൈകളുയർത്താൾ
ഞെട്ടി വിറച്ചു  പതിച്ചൂ പൂതം
കുട്ടിയെ വേഗം വിട്ടു കൊടുത്താൾ.
"അമ്മേ, നിങ്ങടെ തങ്കക്കുഞ്ഞിനെ
ഞാനിനി മേലിൽ മറച്ചു പിടിയ്ക്കി-
ല്ലെന്നുടെ നേരെകോപമിതേറെ-
യരുതരുതെന്നെ നീറ്റീടൊല്ലേ
നിന്നുടെ കണ്ണുകൾ മുൻപടി കാണും
നിന്നുടെ  കുഞ്ഞിതുതന്നേ നോക്കൂ
തൊഴുതു വിറച്ചേ നിന്നൂ പൂതം
തോറ്റു മടങ്ങിയടങ്ങീ പൂതം
അമ്മ മിഴിയ്ക്കും കണ്ണിൻമുന്നിലൊ-
രുണ്മയിൽ നിന്നൂ തിങ്കളൊളിപ്പൂ-
പ്പുഞ്ചിരി പെയ്തു കുളിർപ്പിച്ചും കൊ-
ണ്ടഞ്ചിതശോഭം പൊന്നുണ്ണി.





‘ഉണ്ണിയെ വേണോ ,ഉണ്ണിയെ വേണോ’
ആളുകളിങ്ങനെയെങ്ങും ചോദി-
ച്ചാടിപ്പിപ്പൂ പാവത്തെപ്പല-
പാടുമതിന്റെ മിടിയ്ക്കും കരളിൻ
താളക്കുത്തിനു തുടികൊട്ടുന്നൂ
തേങ്ങലിനൊത്തക്കുഴൽവിളി കേൾപ്പൂ.

കേട്ടിട്ടില്ലേ തുടികൊട്ടും കലർ-
ന്നോട്ടു ചിലമ്പിൻ കലമ്പലുകൾ
അയ്യയ്യാ വരവമ്പിളിപ്പൂങ്കല-
മെയ്യിലണിഞ്ഞ കരിമ്പൂതം.